LIBRARY ARCHIVES Kerala Legislative Assembly

(15) കശുവണ്ടി തൊഴിലാളികളുടെ പ്രശ്നങ്ങൾ

ശ്രീ. പി. എസ്. സുപാൽ: സർ, സംസ്ഥാനത്ത് കശുവണ്ടി മേഖലയിൽ പ്രവർത്തിക്കുന്ന തൊഴിലാളികളുടെ പ്രശ്നങ്ങൾക്ക് അടിയന്തര പരിഹാരമുണ്ടാകേണ്ടതുണ്ട്. സംസ്ഥാനത്ത് നിരവധി കശുവണ്ടി ഫാക്ടറികൾ പ്രത്യേകിച്ച്, സ്വകാര്യ മേഖലയിലെ ഫാക്ടറികൾ അടഞ്ഞുകിടക്കുന്നതുകൊണ്ട് ആയിരക്കണക്കിന് തൊഴിലാളികൾ വളരെ പ്രയാസകരമായ അവസ്ഥയിലാണ്. അതുപോലെ തുറന്ന് പ്രവർത്തിക്കുന്ന സ്വകാര്യ ഫാക്ടറികളിൽ വലിയ തോതിലുള്ള നിയമ നിഷേധമുണ്ടാകുന്നു. തൊഴിലാളികളുടെ അർഹമായ ആനുകൂല്യങ്ങൾ നിഷേധിക്കുന്നു. അവർക്ക് ലഭിക്കേണ്ട ആനുകൂല്യങ്ങൾ കിട്ടാത്ത സാഹചര്യവുമുണ്ട്. അതുകൊണ്ട് തുറന്നുപ്രവർത്തിക്കുന്ന ഫാക്ടറികളിലെ നിയമനിഷേധം അവസാനിപ്പിക്കുന്നതിനും അടഞ്ഞുകിടക്കുന്ന ഫാക്ടറികൾ തുറക്കാനുമുള്ള അടിയന്തര നടപടികൾ സ്വീകരിക്കണം. കയർ മേഖലയുമായി ബന്ധപ്പെട്ട് പ്രത്യേക പാക്കേജുണ്ട്. കശുവണ്ടി വ്യവസായമെന്ന് പറയുന്നത് ഒരു പരമ്പരാഗത വ്യവസായമാണ്. ഗവൺമെന്റിന്റെ പ്രത്യേക സഹായമില്ലാതെ ഈ വ്യവസായം ഇനി മുന്നോട്ടുപോകുന്ന സാഹചര്യമുണ്ടാകില്ല. അതിനാൽ സ്വകാര്യ മേഖലയെ അടക്കം ഈ പാക്കേജിന്റെ പരിധിയിൽകൊണ്ടുവന്ന് കശുവണ്ടി തൊഴിലാളികളെ സംരക്ഷിക്കാനാവശ്യമായ നടപടികളുണ്ടാകണം. അതുപോലെ കശുവണ്ടി വികസന കോർപ്പറേഷൻ, കാപ്പെക്സ് എന്നീ സർക്കാർ ഉടമസ്ഥതയിലുള്ള സ്ഥാപനങ്ങൾ മുൻകാലങ്ങളിൽ സമാനമായ സാഹചര്യത്തിൽ ഗവൺമെന്റ് ഏറ്റെടുത്തിട്ടുള്ളവയാണ്. അവിടെ തൊഴിലാളികൾക്ക് ഇപ്പോൾ ജോലി നൽകുന്നുണ്ടെങ്കിലും കോവിഡിന്റെ സാഹചര്യത്തിൽ പരമാവധി തൊഴിലവസരങ്ങൾ ഒരുക്കാൻ കഴിയുന്നില്ല. അതിനാൽ കശുവണ്ടി വികസന കോർപ്പറേഷന്റെ പരിധിയിലുള്ളതും കാപ്പെക്സിന്റെ പരിധിയിലുള്ളതുമായ ഫാക്ടറികളിൽ തൊഴിലാളികൾക്ക് പരമാവധി തൊഴിലവസരങ്ങൾ ലഭ്യമാക്കാനാവശ്യമായ നടപടികൾ സ്വീകരിക്കണം. യു.ഡി.എഫ്. സർക്കാരിന്റെ കാലത്തുണ്ടായിരുന്ന ഡി.എ. കുടിശ്ശിക കൊടുത്തു തീർത്തത് കഴിഞ്ഞ എൽ.ഡി.എഫ്. സർക്കാരാണ്. ഇനി ബാക്കിയുള്ള ഡി.എ. കുടിശ്ശിക, ഗ്രാറ്റുവിറ്റിയടക്കം കൊടുത്തുതീർക്കാനാവശ്യമായ നടപടികൾ സ്വീകരിക്കണം. പ്രത്യേക പാക്കേജ് അനുവദിച്ച് കശുവണ്ടി മേഖലയെ സംരക്ഷിക്കാനുള്ള നടപടികളുണ്ടാകണം.

വ്യവസായവും നിയമവും വകുപ്പുമന്ത്രിക്കുവേണ്ടി പട്ടികജാതി-പട്ടികവർഗ്ഗ, പിന്നാക്കവിഭാഗ വികസനവും ദേവസ്വവും വകുപ്പുമന്ത്രി (ശ്രീ. കെ. രാധാകൃഷ്ണൻ): സർ, സംസ്ഥാനത്ത് പരമ്പരാഗത വ്യവസായങ്ങളിൽ പ്രമുഖമായ സ്ഥാനമാണ് കശുവണ്ടി വ്യവസായത്തിനുള്ളത്. സ്വകാര്യ കശുവണ്ടി മേഖല അഭിമുഖീകരിക്കുന്ന പ്രതിസന്ധി പരിഹരിക്കുന്നതിനും കടക്കെണിയിലായ സ്വകാര്യ കശുവണ്ടി ഫാക്ടറി ഉടമകളെയും

LIBRARY ARCHIVES Kerala Legislative Assembly

തൊഴിലാളികളെയും സഹായിക്കുന്നതിനുമായി സ്വകാര്യ കശുവണ്ടി മേഖലയിൽ സർക്കാർ പ്രഖ്യാപിച്ച പുനരുദ്ധാരണ പാക്കേജ് നടപ്പിലാക്കുന്നതുമായി ബന്ധപ്പെട്ട് 21-12-2020-ൽ ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിൽ സംസ്ഥാനതല ബാങ്കേഴ്സ് സമിതി ബാങ്ക് പ്രതിനിധികളും വ്യവസായ പ്രതിനിധികളുമായി നടത്തിയ യോഗ തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ നിലവിലുള്ള വായ്പ പുനഃക്രമീകരിച്ച് നൽകാനും വായ്പ പുനഃക്രമീകരിച്ച് അനുവദിക്കാൻ കഴിയാത്ത യൂണിറ്റുകൾക്ക് ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതി നടപ്പിലാക്കുന്നതിന് കൃത്യമായ ഫോർമുല രൂപീകരിക്കുന്നതിനും ബാങ്കിന് ശിപാർശ നൽകുകയുണ്ടായി.

ബാങ്ക് പ്രതിനിധി, വ്യവസായികളുടെ പ്രതിനിധി, സർക്കാർ പ്രതിനിധി എന്നിവരെയുൾപ്പെടുത്തി മൂന്നംഗസമിതി രൂപീകരിച്ചു. പ്രസ്തുത സമിതി ഇതിനകം രണ്ടുപ്രാവശ്യം ചർച്ചകൾ നടത്തിയിട്ടുണ്ട്. ഈ കാര്യത്തിൽ അന്തിമതീരുമാനമുണ്ടാകുന്നതുവരെ കശുവണ്ടി വ്യവസായ സ്ഥാപനങ്ങളുടെ വായ്പയിലെ ജപ്തി നടപടികൾക്ക് സാവകാശം അനുവദിക്കുന്നതിന് ബാങ്കുകൾക്ക് നിർദ്ദേശം നൽകാൻ സംസ്ഥാനതല ബാങ്കേഴ്സ് സമിതി കൺവീനർക്ക് സർക്കാർ നിർദ്ദേശം നൽകിയിട്ടുണ്ട്. കൂടാതെ പ്രവർത്തന മൂലധനത്തിനായി ബാങ്കുകൾ നൽകുന്ന പുതിയ വായ്പയുടെ പലിശ സർക്കാർ ഏറ്റെടുക്കുന്നതാണെന്നുള്ള തീരുമാനത്തെത്തുടർന്ന് ഇതിനായി 2019-20 സാമ്പത്തിക വർഷത്തിൽ 25 കോടി രൂപ പ്രഖ്യാപിക്കുകയും ഓരോ കശുവണ്ടി യൂണിറ്റും പലിശയിനത്തിൽ ബാങ്കുകൾക്ക് നൽകാനുള്ള തുകയുടെ സ്റ്റേറ്റ്മെന്റ് സ്റ്റേറ്റ് ലെവൽ ബാങ്കേഴ്സ് കമ്മിറ്റിയുടെ കൺവീനർക്ക് സമർപ്പിച്ചതിന്റെ അടിസ്ഥാനത്തിൽ ഏകദേശം 304.44 ലക്ഷം രൂപ എസ്.എൽ.ബി.സി.-ക്ക് റിലീസ് ചെയ്ത് നൽകിയിട്ടുമുണ്ട്.

സംസ്ഥാനത്ത് സർക്കാർ നിയന്ത്രണത്തിലുള്ള കശുവണ്ടി വ്യവസായ മേഖലയിൽ പ്രവർത്തിക്കുന്ന സംസ്ഥാന കശുവണ്ടി വികസന കോർപ്പറേഷന്റെ പരിധിയിലുള്ള 30 ഫാക്ടറികളിലും കാപ്പെക്സിന്റെ പരിധിയിലുള്ള 10 ഫാക്ടറികളിലുമായി ഏകദേശം 16,509 തൊഴിലാളികളും ജീവനക്കാരും ജോലി ചെയ്യുവരുന്നു. പ്രസ്തുത ഫാക്ടറികൾ തടസ്സമില്ലാതെ തുടർച്ചയായി പ്രവർത്തിക്കുന്നതിനാവശ്യമായ തോട്ടണ്ടി ഉറപ്പുവരുത്തുന്നതിനായി സ്പെഷ്യൽ പർപ്പസ് വെഹിക്കിളായി കേരള കാഷ്യൂ ബോർഡ് സർക്കാർ രൂപീകരിച്ചിരുന്നു. കൂടാതെ, സംസ്ഥാനത്തിനകത്ത് വിവിധ സർക്കാർ വകുപ്പുകളുടെ കീഴിലുള്ള ഫാമുകളിലും പൊതുമേഖലാ പ്ലാന്റേഷനുകളിലും ഉല്പാദിപ്പിക്കുന്ന തോട്ടണ്ടിയും സർക്കാർ മുൻകൂട്ടി നിശ്ചയിക്കുന്ന വിലയ്ക്ക് സംഭരിച്ച് തൊഴിലാളികൾക്ക് തൊഴിൽ ലഭ്യത ഉറപ്പുവരുത്തുന്നു. കശുവണ്ടി വികസന കോർപ്പറേഷന്റെ പക്കൽ സ്റ്റോക്കുണ്ടായിരുന്ന 1600 മെടിക് ടണ്ണും കാപ്പെക്സിന്റെ പക്കലുണ്ടായിരുന്ന 1275 മെടിക് ടണ്ണും തോട്ടണ്ടി ഉപയോഗിച്ച്

LIBRARY ARCHIVES Kerala Legislative Assembly

നിലവിലെ കോവിഡ് മാനദണ്ഡങ്ങൾ പാലിച്ച് 1-6-2021 മുതൽ കോർപ്പറേഷന്റെയും കാപ്പെക്സിന്റെയും ഫാക്ടറികൾ തുറന്ന് പ്രവർത്തനം പുനരാരംഭിച്ചിട്ടുണ്ട്. കശുവണ്ടി വികസന കോർപ്പറേഷന്റെയും കാപ്പെക്സിന്റെയും ഫാക്ടറികളിലെ തൊഴിലാളികൾക്ക് 2020 വർഷത്തെ അർഹമായ ബാലൻസ് ബോണസ്, ലീവ് വിത്ത് വേജസ്, ഹോളിഡേ വേജസ് എന്നിവയും നിലവിലെ ലോക്ക്ഡൗൺ കാലയളവിൽ നൽകിയിട്ടുണ്ട്. കേരള കാഷ്യൂ ബോർഡ് 4000 മെട്രിക് ടൺ ഐവറി കോസ്റ്റ് ഒറിജിൻ തോട്ടണ്ടി വാങ്ങുന്നതിനുള്ള കരാറിലേർപ്പെട്ടിട്ടുണ്ട്. അതിന്റെ ഓർഡറും നൽകിയിട്ടുണ്ട്. കാഷ്യൂ ബോർഡ് മുഖേന ഗിനിബിസാവോ ഒറിജിൻ തോട്ടണ്ടി വാങ്ങുന്നതിനുള്ള നടപടികൾ പുരോഗമിച്ചുവരുന്നു. ഇപ്രകാരം കശുവണ്ടി വികസന കോർപ്പറേഷന്റെയും കാപ്പെക്സിന്റെയും തൊഴിലാളികൾക്ക് ആവശ്യത്തിന് തോട്ടണ്ടി ലഭ്യമാക്കി തുടർച്ചയായി തൊഴിൽ ലഭിക്കാനുള്ള നടപടികൾ കശുവണ്ടി വികസന കോർപ്പറേഷനും കാപ്പെക്സും കൈക്കൊണ്ടിട്ടുണ്ട്. ഇവിടെ ബഹുമാനപ്പെട്ട അംഗം ചൂണ്ടിക്കാണിച്ചതുപോലെ, തൊഴിലാളികൾക്ക് കിട്ടാനുള്ള ഗ്രാറ്റുവിറ്റി ഉൾപ്പെടെയുള്ള ആനുകൂല്യങ്ങൾ നൽകുന്നതിനുവേണ്ടി ഗവൺമെന്റ് സ്വകാര്യ കമ്പനികളുമായി ആലോചിച്ച് നടപടികൾ സ്വീകരിക്കുന്നതാണ്.

(16) പുതിയ കെട്ടിടങ്ങളിലേയ്ക്കുള്ള മാറ്റം

ശ്രീ. എ. കെ. എം. അഷ്റഫ്: സർ, വിദ്യാഭ്യാസപരമായി പിന്നോക്കം നിൽക്കുന്ന മഞ്ചേശ്വരം മണ്ഡലത്തിലെ ഉന്നതവിദ്യാഭ്യാസ സ്ഥാപനങ്ങളാണ് മഞ്ചേശ്വരം ഗോവിന്ദപൈ മെമ്മോറിയൽ ഗവൺമെന്റ് കോളേജും IHRD College of Applied Science, Manjeswaram-വും. 1950-ൽ സ്ഥാപിതമായ ഗോവിന്ദപൈ ഗവൺമെന്റ് കോളേജിൽ നാല് ബിരുദ കോഴ്സുകളും മൂന്ന് പി.ജി. കോഴ്സുകളുമാണ് നിലവിലുള്ളത്. 470 വിദ്യാർത്ഥികൾ പഠിക്കുന്ന ഈ കോളേജിൽ പുതിയ കോഴ്സുകൾ തുടങ്ങണമെന്നുള്ളത് വർഷങ്ങളായുള്ള ആവശ്യമാണ്. മതിയായ കോഴ്സുകളില്ലാത്തതിനാൽ ഇവിടത്തെ വിദ്യാർത്ഥികൾ കർണ്ണാടകയെ ആശ്രയിക്കേണ്ട അവസ്ഥയാണ്. ഇവിടെ പഠനകേന്ദ്രം സ്ഥാപിക്കാനായി അഞ്ചുവർഷം മുൻപ് കണ്ണൂർ യൂണിവേഴ്സിറ്റി നിർമ്മിച്ച കെട്ടിടം നാളിതുവരെ ഉപയോഗപ്പെടുത്തിയിട്ടില്ല. ഈ കെട്ടിടം ഇപ്പോൾ കാട് പിടിച്ചുകിടക്കുകയാണ്. പ്രസ്തുത കെട്ടിടത്തിൽ ബി.എഡ്. സെന്റർ, നിയമ പഠന കേന്ദ്രം, ആധുനിക കോഴ്സുകൾ എന്നിവ തുടങ്ങിയാൽ വളരെയധികം ഗുണകരമാകും. പുതിയ കോഴ്സുകൾക്കുള്ള അടിസ്ഥാന സൗകര്യങ്ങളും ഇവിടെയുണ്ട്. കോളേജിന് സ്വന്തമായി 35 ഏക്കർ ഭൂമിയുണ്ട്. ബി.എസ്സി. മാത്തമാറ്റിക്സ്, ബി.എ. ഇംഗ്ലീഷ്, ബി.എസ്സി. ജ്യോഗ്രഫി, ബി.എ. ഉറുദു, എം.എ. കന്നഡ എന്നീ കോഴ്സുകൾ ഇവിടെ പുതുതായി തുടങ്ങേണ്ടതായിട്ടുണ്ട്. ഇക്കാര്യത്തിൽ സർക്കാരിൽനിന്നും അനുകൂല തീരുമാനമുണ്ടാകേണ്ടത് അത്യന്താപേക്ഷിതമാണ്.